സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ

# യുവജന പ്രവർത്തന ബോർഡ്

## ത്രൈവാർഷിക യൂത്ത് & ഫാമിലി കോൺഫറൻസ് 2010

ബഹുമാനപ്പെട്ട ........................................................................................................................ ഇടവകയിലേയ്ക്ക്

കർത്താവിൽ പ്രിയരെ,

യുവജനപ്രവർത്തനബോർഡിന്റെ ആഭിമുഖ്യത്തിൽ മൂന്ന് വർഷത്തിൽ ഒരിക്കൽ നടത്തിവരാറുള്ള ത്രൈവാർഷിക യൂത്ത് & ഫാമിലി കോൺഫ്രൻസ് 2010 ആഗസ്റ്റ് 26 വ്യാഴം മുതൽ 29 ഞായർ ഉച്ചവരെ (ഓണവധിക്കാലത്ത്) അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. **"തന്നത്താൻ സൂക്ഷിക്കുക"** (Keep oneself) **(1 യോഹ. 5:18)** എന്നതാണ് ചിന്താവിഷയം. **പ്രിസൈഡിംഗ് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. സി. വി. മാത്യു, ബിഷപ്പ് റൈറ്റ്. റവ. ഡോ. തോമസ് ഏബ്രഹാം, മിസ്റ്റർ റെജി ജേക്കബ്** (Power Vision), **റവ. ഡോ. ഐസക് വി. മാത്യു** (Director, Life Enrichment Counselling Centre, Thodupuzha), **മിസ്റ്റർ മാത്യു വർഗ്ഗീസ്** (Delhi) എന്നിവർ പ്രധാന ലീഡേഴ്സായി കടന്നുവരുന്നതാണ്.

സഭയുടെ കേരളത്തിലുള്ള എല്ലാ ഇടവകകളിൽ നിന്നുമായി 400 ഓളം യുവജനങ്ങളെ പ്രതീക്ഷിക്കുന്ന ഈ കോൺഫ്രൻസിൽ ഒരാൾക്ക് ശരാശരി 450/- രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു എങ്കിലും മറ്റ് ചെലവുകൾ സഹിതം ക്യാമ്പിന്റെ നടത്തിപ്പിനായി കുറഞ്ഞപക്ഷം 2 ലക്ഷം രൂപ വേണ്ടിവരും. ക്യാമ്പിൽ പങ്കെടുക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ട് ആർക്കും തടസ്സമാവരുതെന്നതിനാൽ രജിസ്ട്രേഷൻ ഫീസായി 50/- രൂപ മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്. വ്യക്തികളിൽ നിന്നും ഇടവകകളിൽ നിന്നും പിരിച്ചു നല്കണമെന്നാണ് ബോർഡായി തീരുമാനിച്ചിരിക്കുന്നത്. ഈ തുക പിരിക്കുന്നതിനായി യുവജനങ്ങൾ ഇടവകകൾ സന്ദർശിക്കുന്നതാണ്. എല്ലാ ഇടവകകളും ഇതിൽ ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആ ഇടവകയിലുള്ള എല്ലാ യുവജനങ്ങളും യുവമാതാപിതാക്കളും താൽപര്യമുള്ളവരും ക്യാമ്പിൽ സംബന്ധിക്കണമെന്നും എല്ലാവരും ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെന്നും അപേക്ഷിക്കുന്നു. ലഭിക്കുന്ന തുക **ട്രഷറാർ, യൂത്ത് ബോർഡ് ക്യാമ്പ് ഫണ്ട്** എന്ന പേരിൽ ഓഫീസിലേയ്ക്ക് അയച്ചുതരുവാൻ താല്പ്പര്യപ്പെടുന്നു.

വഷളത്വവും മ്ലേച്ഛതയും അനീതിയും അക്രമവും കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ ലോകത്ത് ദൈവവചനാനുസരണമായി നമ്മുടെ യുവജനങ്ങൾക്ക് എങ്ങനെ തങ്ങളെ സൂക്ഷിച്ച് മാതൃകാപരമായ ഒരു ജീവിതം നയിപ്പാൻ കഴിയും എന്ന് ചിന്തിപ്പാനും ആയത് പ്രാവർത്തികമാക്കുവാനും ഈ ക്യാമ്പ് സഹായകരമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു.

എന്ന് കർത്തൃശുശ്രൂഷയിൽ

**റവ. ഷാജി അലക്സാണ്ടർ**

*സെക്രട്ടറി, ബോർഡ് ഫോർ യൂത്ത് വർക്ക്*

മഞ്ഞാടി

05-06-2010